കഞ്ചാവ് മയക്കുമരുന്നു കേസ്സുകൾ

46 [1171] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-ലെ ഐക്യജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-1-1996 വരെ സംസ്ഥാനത്ത് എത്ര കഞ്ചാവ് മയക്കുമരുന്നു കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്;

(ബി) അതിൽ എത്രപേരെ ശിക്ഷിച്ചു;

(സി) എത്രപേരെ വെറുതെവിട്ടു?

ഉത്തരം

(എ) 1991-ലെ ഐക്യജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-1-1996 വരെ സംസ്ഥാനത്ത് 1270 കഞ്ചാവ് മയക്കുമരുന്നു കേസ്സുകൾ ചാർജ് ചെയ്തിട്ടുണ്ട്.

(ബി) അതിൽ 539 പേരെ ശിക്ഷിച്ചു.

(സി) 366 പേരെ വെറുതെവിട്ടു.

ആക്ടറ് ഫോഴ്സിന്റെ പ്രവർത്തനം

47 [1174] ശ്രീ. ജോർജ് ജെ. മാത്യു:

,, തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്ടപ് ഫോഴ്സിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആക്ടറ് ഫോഴ്സ് എന്നു മുതൽ പ്രവർത്തനം തുടങ്ങി;

(സി) ഇതിൽ എത്ര പേർ ഉണ്ട്;

(ഡി) ഇവർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ;

(ഇ) ഇതിന്റെ പ്രവർത്തനത്തിന് എത്ര വാഹനങ്ങൾ വിട്ടുകൊടുത്തിട്ടുണ്ട്;

(എഫ്) ഇതിൽ പ്രവർത്തിക്കുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം;

(ജി) ഇതിന്റെ പ്രവർത്തനഫലമായി റോഡപകടത്തിൽ പരിക്കുപറ്റിയ എത്രപേർക്ക് ആശ്വാസം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) ഇതനുസരിച്ച് എത്ര ഓട്ടോറിക്ഷാ ഡ്രൈവർമാർക്കാണ് പരിശീലനം നൽകിയിട്ടുള്ളത്;

(ഐ) ഈ പദ്ധതി വിപുലീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(ജെ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 10-8-1995-ൽ പ്രവർത്തനം തുടങ്ങി.

(സി) ഇതിൽ 260 ഓട്ടോറിക്ഷാ/ടാക്സി ഡ്രൈവർമാർ ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) വാഹനങ്ങളൊന്നും വിട്ടുകൊടുത്തിട്ടില്ല.

(എഫ്) അപകടത്തിൽപെടുന്നവരെ ആശുപത്രിയിലെത്തിക്കുന്ന ആക്സിഡന്റ് ഫോഴ്സിലെ ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് 50 രൂപയും ടാക്സി ഡ്രൈവർമാർക്ക് 100 രൂപയും നൽകുന്നു.

(ജി) 160 പേർക്ക് ആശ്വാസം ലഭിച്ചിട്ടുണ്ട്.

(എച്ച്) 260 ഓട്ടോറിക്ഷാ/ടാക്സി ഡ്രൈവർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(ഐ) ഉണ്ട്.

(ജെ) തിരുവനന്തപുരം നഗരത്തിൽ കൂടുതൽ ഓട്ടോറിക്ഷാ/ടാക്സി ഡ്രൈവർമാർക്ക് ആക്ട് ഫോഴ്സിന്റെ കീഴിൽ പരിശീലനം നൽകുന്നതിന് ആലോചനയുണ്ട്. കൂടാതെ എൽ. ഐ. സി. ഓഫ് ഇൻഡ്യയും ഇൻഡ്യൻ മെഡിക്കൽ അസോസിയേഷനും ആക്ട് ഫോഴ്സിന്റെ പ്രവർത്തനം മറ്റു സിറ്റികളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിന് ആലോചിച്ചുവരുന്നതായി അറിയുന്നു. തിരുവനന്തപുരം സിറ്റിയിൽ കൂടുതൽ ഓട്ടോറിക്ഷാ, ടാക്സി കാർ ഡ്രൈവർമാർക്കും ആക്ട് ഫോഴ്സിന്റെ കീഴിൽ പരിശീലനം നൽകുന്നതിന് ആലോചനയുണ്ട്.

പോലീസുകാരുടെ ഓഫ് ഡ്യൂട്ടി അലവൻസ്

48 [1175] ശ്രീ. ജോർജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരുടെ ഓഫ് ഡ്യൂട്ടി അലവൻസ് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്;

(സി) ഒരു വർഷം പരമാവധി എത്ര ദിവസം ഓഫ് ഡ്യൂട്ടി അലവൻസ് നൽകാനാണ് വ്യവസ്ഥയുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസുകാരുടെ ഓഫ് ഡ്യൂട്ടി അലവൻസ് പഴയ നിരക്കും പുതിയ നിരക്കും താഴെ കൊടുത്തിരിക്കുന്നു;

	പഴയ നിരക്ക് (രൂപ)	പുതിയ നിരക്ക് (രൂപ)
സബ് ഇൻസ്പെക്ടർ	26	100
അസി. സബ് ഇൻസ്പെക്ടർ	22	98
ഹെഡ് കോൺസ്റ്റബിൾ	20	90
പോലീസ് കോൺസ്റ്റബിൾ	20	70
ക്യാമ്പ് ഫോളോവർ	10	60

LIBRARY ARCHIVES Kerala Legislative Assembly